പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2374

07.10.2016 ലെ മറുപടിയ്ക്ക്

## അഗ്രോ പാർക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) പ്രവാസികളുടെ സഹകരണത്തോടെ അഗ്രോ പാർക്കുകൾ തുടങ്ങുവാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) വിവിധ കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടപ്പ് സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങളിൽ തീരുമാനമായിട്ടില്ല. |
| (ബി) തനതായ കേരളീയ കാർഷിക ഉത്പന്നങ്ങളെ ലോകവിപണിയിലെത്തിക്കുന്നതിന് ഏതെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;<br><br>(സി) ഇതിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (ബി) & (സി) തനത് ഉൽപ്പന്നങ്ങൾക്ക് ദേശീയവും അന്തർദേശീയവുമായ വിപണികൾ ലഭ്യമാക്കുന്നതിനായി ഇത്തരം ഉൽപ്പന്നങ്ങൾ ട്രേഡ് ഫെയറുകളിലും മറ്റും പ്രദർശിപ്പിക്കുകയും വിപണന സാദ്ധ്യത ആരായുകയും ചെയ്തു വരുന്നു. ഇതിലേയ്ക്കായി ഒരു കേന്ദ്രീകൃത സംവിധാനം എന്ന നിലയിൽ അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങളിൽ ഇപ്പോൾ തീരുമാനമായിട്ടില്ല. റിപ്പോർട്ട് തയ്യാറായി വരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ